(ബി) താക്കീതു നൽകൽ, തൊഴിലുകൾ മാറുക, അധ്യാപനമുള്ള ജോലി കൊടുക്കുക, റെമിഷൻ സമ്പ്രദായം മൂലമുള്ള ആനുകൂല്യങ്ങൾ കുറവു ചെയ്യുക, വേറിട്ടു താമസിപ്പിക്കുക, പ്രത്യേകതരം ഭക്ഷണം നൽകുക, സെല്ലുകളിൽ പൂട്ടിയിടുക എന്നിവയാണു് നടപ്പിലുള്ള ശിക്ഷകൾ. അടിശിക്ഷ ഇന്നു നടപ്പിലില്ല.

(സി) ഫ്ളഷ്ഡ് ലട്രിൻസും സെപ്റ്റിക് ടാങ്കു് ലട്രിൻസും എല്ലാ സെൻട്രൽ ജയിലുകളിലും പല സബ്ജയിലുകളിലും ഉണ്ടാക്കിയിട്ടുണ്ടു്. ബാക്കിയുള്ള സബ്ജയിലുകളിലും ഇത്തരം ലട്രിൻസ് പണിയുവാൻ നടപടി യെടുക്കുന്നുണ്ടു്. ഇതു പണത്തെ ആശ്രയിച്ചുനിൽക്കുന്ന ഒരു കാര്യമാണു്.

WRITTEN ANSWERS.

ഓരോ സ്റ്റാൻഡേർഡിൽനിന്നും വിജയികളാകുന്ന കുട്ടികൾ ചേരേണ്ട ക്ലാസുകൾ.

* 1653. [24] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്കൂൾവർഷത്തിൽ നാലാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു കുട്ടിക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ ചേർന്നു പഠിക്കാൻ കഴിയും;

(ബി) ഈ സ്കൂൾവർഷത്തിൽ അഞ്ചാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു വിദ്യാർത്ഥിക്കു അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ ചേരാൻ കഴിയും, പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് ഏതു ക്ലാസിൽ തുടർന്നു പഠിക്കാം;

(സി) ഈ സ്കൂൾവർഷത്തിൽ ഒന്നാംഫാറത്തിൽ നിന്നും പാസ്സാകുന്ന ഒരു വിദ്യാർത്ഥിക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതുക്ലാസിൽ ചേരാൻ കഴിയും; പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് ഏതു ക്ലാസിൽ തുടർന്നു പഠിക്കാം;

(ഡി) ഈ സ്കൂൾവർഷത്തിൽ രണ്ടാം ഫാറത്തിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ തുടർന്നു പഠിക്കാം?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) പുതിയ അഞ്ചാം സ്റ്റാൻഡേർഡിൽ

(ബി) പുതിയ അഞ്ചാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു വിദ്യാർത്ഥിക്കു് അടുത്ത വർഷത്തിൽ പുതിയ ആറാം സ്റ്റാൻഡേർഡിലും തോൽക്കുന്ന വിദ്യാർത്ഥിക്കു് അതേ ക്ലാസിൽ തന്നെയും തുടർന്നു പഠിക്കാം.

(സി) ഈ സ്കൂൾവർഷത്തിൽ ഒന്നാംഫാറത്തിൽനിന്നും (അതായതു് ആറാം സ്റ്റാൻഡേർഡിൽനിന്നും) പാസാകുന്ന ഒരു വിദ്യാർത്ഥിക്കു് പഴയ ഏഴാം സ്റ്റാൻഡേർഡിലും പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് അഞ്ചാം സ്റ്റാൻഡേർഡിലും തുടർന്നു പഠിക്കാം.

(ഡി) ഈ സ്കൂൾവർഷത്തിൽ രണ്ടാം ഫാറത്തിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു പുതിയ ആറാം സ്റ്റാൻഡേർഡിൽ തുടർന്നു പഠിക്കാം.

കുത്താളി ഹരിജൻ കോളനി

* 1654. [27] ശ്രീ. കെ. അബൂക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താളിയിൽ പണിയാരംഭിച്ചിട്ടുള്ള ഹരിജൻ കോളനിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തു്;

LIBRARY ARCHIVES Kerala Legislative Assembly